**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2263** **21-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കെ-സ്റ്റോറുകൾ ആക്കി മാറ്റുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നിലമ്പൂർ നിയോജകമണ്ഡലത്തിലെ റേഷൻ ഷോപ്പുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിലെ ARD 11 കെ-സ്റ്റോർ ആക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ കൂടുതൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും എവിടെയൊക്കെയെന്നും പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ എടക്കര ഗ്രാമ പഞ്ചായത്തിലെ ARD 39 കെ-സ്റ്റോർ ആക്കി മാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (സി) | കെ-സ്റ്റോറുകൾ വഴി നൽകുന്ന സേവനങ്ങളും ഉല്പന്ന വിതരണങ്ങളുടെയും വിശദാംശം അറിയിക്കാമോ; | (സി) | നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ; മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, എന്നിവ വിപണനം ചെയ്യുന്നു. ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ, CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. |
| (ഡി) | വനത്തോട് ചേർന്ന പട്ടികവർഗ്ഗ ആവാസ മേഖലകളിൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അപേക്ഷകൾ ലഭ്യമാകുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ